**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

BASELIOS MARTHOMA MATHEWS III CATHOLICOS OF THE EAST AND MALANKARA METROPOLITAN 2021

**No. 309/2026**

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും സഹപട്ടക്കാർക്കും ദേശത്തുപട്ടക്കാർക്കും പള്ളി കൈസ്ഥാനികൾക്കും യുവജനപ്രസ്ഥാനം അംഗങ്ങൾക്കും ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും, തദ്ദേശീയമായ സ്വാതന്ത്ര്യത്തിന്റെയും, സ്വയംശീർഷകത്വത്തിന്റെയും പ്രതീകമാണല്ലോ 1912-ൽ മലങ്കരയിൽ സ്ഥാപിതമായ പൗരസ്ത്യ കാതോലിക്കേറ്റ്. പൗരസ്ത്യ കാതോലിക്കേറ്റിന്റെ സംരക്ഷണത്തിനായി നമ്മുടെ പൂർവ്വിക പിതാക്കന്മാർ സഹിച്ച ത്യാഗങ്ങൾ നമുക്ക് ഒരിക്കലും വിസ്മരിക്കാനാവുകയില്ല.

കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പ്രാധാന്യം സമൂഹത്തെയും പുതുതലമുറയെയും ഓർമ്മിപ്പിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യംകൂടിയാണ്. അതിന്റെ ഭാഗമായി നമ്മുടെ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കാതോലിക്കേറ്റ് സ്ഥാപന ദിനവുമായി ബന്ധപ്പെട്ട് ഒരു മഹാ സമ്മേളനവും റാലിയും ക്രമീകരിച്ചിരിക്കുകയാണ്. ആയതിനാൽ 2026 സെപ്റ്റംബർ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2:00 മണിക്ക് കോട്ടയം ഏലിയാ കത്തീഡ്രൽ അങ്കണത്തിൽ നിന്നും റാലി ആയി ആരംഭിച്ച് തിരുനക്കര മൈതാനിയിൽ സമുചിതമായ സമ്മേളനത്തോടെ അവസാനിക്കുന്ന കാതോലിക്കേറ്റ് സ്ഥാപന വാർഷികത്തിലും മലങ്കര നസ്രാണി യുവജന സംഗമത്തിലും നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും പരമാവധി വിശ്വാസികൾ പള്ളിച്ചെലവിൽ വന്ന് പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

സെപ്റ്റംബർ 20 ഞായറാഴ്ച വി. കുർബാനയ്ക്ക് ശേഷം ഇടവകകളിൽ നിന്നും വിശ്വാസികൾക്ക് റാലിയിലും സമ്മേളനത്തിലും വന്ന് സംബന്ധിക്കുന്നതിന് ആവശ്യമായ വാഹന സൗകര്യം ഇടവക തലത്തിൽ ക്രമീകരിക്കേണ്ടതാണ്. എല്ലാ ഇടവകകളിലും ഈ റാലിയുടെ ഒരുക്കങ്ങൾക്ക് അതാത് യൂണിറ്റ് യുവജനപ്രസ്ഥാനം പ്രവർത്തകർ മുന്നിട്ടിറങ്ങുകയും, ഇടവക വികാരിയുടെയും മാനേജിങ് കമ്മിറ്റിയുടെയും നിർദ്ദേശാനുസരണം പ്രവർത്തിക്കുകയും വേണം. സഭയുടെ ഈ വലിയ കൂട്ടായ്മയിൽ എല്ലാ ഇടവകകളുടെയും സാന്നിധ്യം നിർബന്ധമായും ഉണ്ടാകണമെന്ന് ഒരിക്കൽകൂടി നാം ഓർമ്മിപ്പിക്കുന്നു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ നമ്മുടെ യുവജനപ്രസ്ഥാനം അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2026 സെപ്റ്റംബർ മാസം 03-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും. **ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**